## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4116 24/10/2016 ൽ മറുപടിയ്ക്ക്**

**സെക്രട്ടേറിയറ്റിൽ ഫയലുകൾ കെട്ടിക്കിടക്കുന്നതുമൂലമുള്ള ബുദ്ധിമുട്ട്**

ചോദ്യം
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ഉത്തരം
ശ്രീ. പിണറായി വിജയൻ
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| | സെക്രട്ടേറിയറ്റിൽ ഫയലുകൾ കെട്ടിക്കിടക്കുന്നതുമൂലം പല ജോലികളും നടക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | | ഇല്ല. ഫയലുകൾ തീർപ്പു കൽപ്പിക്കുന്നതിലേക്കായി പേഴ്സണൽ രജിസ്റ്ററുകളുടേയും അനുബന്ധ രജിസ്റ്ററുകളുടേയും പരിശോധന കർശനമായി നടത്തേണ്ടതാണെന്നും സെക്രട്ടേറിയറ്റ് വകുപ്പുകളിൽ മൂന്നുമാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകമായി നീക്കി വയ്ക്കുകയും സാധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കേണ്ടതാണെന്നും ആയതിന്റെ റിപ്പോർട്ടും ഇത്തരത്തിൽ തീർപ്പാക്കുന്ന ഫയലുകളുടെ എണ്ണം, പ്രതിമാസ പ്രവർത്തന പത്രികയിൽ ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണെന്നുമുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. നിയമപരമായ മറ്റ് തടസ്സങ്ങളില്ലാത്തതും സങ്കീർണ്ണമായ നടപടിക്രമങ്ങൾ ആവശ്യമില്ലാത്തതുമായ അപേക്ഷകളിൻമേലും പരാതികളിൻമേലും സമയപരിധിയ്ക്കുള്ളിൽ തീരുമാനമെടുത്ത് തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ( e-office സംവിധാനം) ഏർപ്പെടുത്തി വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതഗതിയിലാക്കി വരുന്നു. |

K. Thrisari (signature)

സെക്ഷൻ ഓഫീസർ